**കേരള സർക്കാർ**

**സംഗ്രഹം**

**എയ്ഡഡ് സ്കൂളുകളിൽ 2018-2019 അദ്ധ്യയനവർഷം ദിനവേതനാടിസ്ഥാനത്തിൽ താല്കാലിക അദ്ധ്യാപക നിയമനം- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.**

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(സാധാ) നം./1841/2018/പൊ.വി.വ തിയതി,തിരുവനന്തപുരം, 18/05/2018

പരാമർശം:- 1. 2.2.2017 ലെ സ.ഉ (സാധാ) നമ്പർ2079/17/പൊ.വി.വ

2. 27.4.2018 ലെ നമ്പർ എച്ച്2/21500(1)/2018/ ഡി.പി.ഐ നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം, 2017-18 വർഷം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ 30 ദിവസത്തിലധികം ദൈർഘ്യമുള്ള ഒഴിവുകളിൽ ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം 2018-19 അദ്ധ്യയന വർഷവും ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പൊതുവിദ്യാഭ്യാസഡയറക്ടർ അഭ്യർത്ഥിച്ചു. ഇക്കാര്യം സർക്കാർ പരിശോധിച്ച് ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 2018-19 അദ്ധ്യയന വർഷവും എയ്ഡഡ് സ്കൂളുകളിൽ ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

1. സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള മുൻകാല ഉത്തരവുകളിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.
2. കെ-ടെറ്റ് യോഗ്യത നേടിയവർ /നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം കെ-ടെറ്റ് പാസ്സാകുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ളവർ എന്നിവരെയാണ് ദിനവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടത്. അങ്ങനെയുള്ളവരുടെ അഭാവത്തിൽ മാത്രം കെ-ടെറ്റ് യോഗ്യതയില്ലാത്തവരെ നിയമിക്കാവുന്നതാണ്. ഈ സന്ദർഭങ്ങളിൽ മേൽ യോഗ്യതയുള്ളവരുടെ അഭാവം സംബന്ധിച്ച ഡിക്ലറേഷൻ മാനേജർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.
3. 180 ദിവസം മുതൽ ഒരു അക്കാദമിക വർഷത്തിൽ താഴെ വരെ ദൈർഘ്യമുള്ള ഒഴിവുകളിലേക്ക് പ്രസ്തുത മാനേജ്മെന്റിൽ താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരുണ്ടെങ്കിൽ അവരെ തിരികെ വിളിക്കാവുന്നതാണ്. സ്ഥിരമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാ-ദ്ധ്യാപകരുണ്ടെങ്കിൽ അവരെ തിരികെ വിളിക്കേണ്ടതില്ല.
4. 28-04-2017-ലെ ജി.ഒ (പി) നമ്പർ 56/2017/ധന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പ്രതിദിനം 895/-രൂപയും (പ്രതിമാസം

പരമാവധി 25900/-രൂപ), ഹൈസ്കൂൾ ടീച്ചർ പ്രതിദിനം 1025/- രൂപയും (പ്രതിമാസം പരമാവധി 29700/-രൂപ) പാർട്ട് ടൈം ഹൈസ്കൂൾ ഭാഷാദ്ധ്യാപകർക്ക് പ്രതിദിനം 710/-രൂപയും (പ്രതിമാസം പരമാവധി 19850/-രൂപ), പ്രൈമറി സ്കൂൾ പാർട്ട് ടൈം ഭാഷാദ്ധ്യാപകർക്ക് 685/- രൂപയും (പ്രതിമാസം പരമാവധി 18450/-രൂപ) വേതനമായി അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എച്ച്.നജീബ്
ജോയിൻറ് സെക്രട്ടറി

പകർപ്പ് ഡി.പി.ഐ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊ.വി.ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി@ സ്കൂൾ, തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ളിക് റിലേഷൻസ്(വെബ് & ന്യൂമീഡിയ) വകുപ്പ്(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)/(പ്രസ്സ് റിലീസ്)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>പുറത്തെഴുത്ത് കത്ത് നമ്പർ.എച്ച്2/21500/2018/(1)/ഡി.പി.ഐ തീയതി 19.05.2018</u>

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അടിയന്തര തുടർനടപടികൾക്കായി താഴെപ്പറയുന്ന നിർദേശങ്ങൾ സഹിതം അയക്കുന്നു.

1. സംസ്ഥാനത്തെ സ്കൂളുകൾ മധ്യവേനലവധി കഴിഞ്ഞ് ജൂൺ 1 ന് തുറക്കുകയാണ്. സ്കൂൾ തുറന്നു കഴിഞ്ഞാൽ ഒരു സ്കൂളിലും പഠിപ്പിക്കാൻ അധ്യാപകരില്ലാത്ത അവസ്ഥയുണ്ടാകരുതെന്ന സദുദ്ദേശ്യത്തോടെയാണ് താൽക്കാലിക അധ്യാപക നിയമനം സംബന്ധിച്ച ഉത്തരവ് ഇത്തവണ വളരെ മുൻകൂട്ടി നൽകിയിരിക്കുന്നത്. ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രഥമാധ്യാപകരുടെ അടിയന്തര യോഗം വിളിച്ചു ചേർത്ത് ഈ ഉത്തരവിന്റെ കാര്യം വിശദീകരിക്കേണ്ടതും പകർപ്പ് അവർക്കും മാനേജർമാർക്കും നൽകേണ്ടതും ഒഴിവുകളുണ്ടെങ്കിൽ നിർദിഷ്ട മാനദണ്ഡങ്ങൾ പാലിച്ച് നിയമാനുസൃതം താൽക്കാലിക അധ്യാപക നിയമനങ്ങൾ 01.06.2018 നു തന്നെ നടത്താൻ നിർദേശം നൽകുകയും വേണം.
2. ഈ ഉത്തരവ് പ്രകാരം താൽക്കാലിക അനധ്യാപക നിയമനങ്ങൾ നടത്താനാകില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.
3. മാനേജുമെന്റിലെ സംരക്ഷിതാധ്യാപകരിൽ താൽക്കാലികമായി (സർക്കാർ സ്കൂളിലും മറ്റും) പുനർവിന്യസിച്ചിട്ടുള്ള അധ്യാപകരെയാണ് 180 ദിവസം മുതൽ ഒരു അക്കാദമിക വർഷത്തിൽ താഴെ വരെ ദൈർഘ്യമുള്ള ഒഴിവുകളിലേക്ക് തിരികെ വിളിക്കേണ്ടത്. ഉത്തര

ത്തിൽ തിരികെ വിളിക്കേണ്ടവരുടെ ലിസ്റ്റ് ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രഥമാധ്യാപകരിൽ/മാനേജരിൽ നിന്ന് ശേഖരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 26.05.2018 നു മുമ്പ് സമർപ്പിക്കേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർ, 01.06.2018 ന് സ്കൂളിൽ അവധി ഒഴിവിൽ ജോലിയിൽ പ്രവേശിക്കാൻ ബന്ധപ്പെട്ട അധ്യാപകർക്ക് അടിയന്തര നിർദേശം നൽകേണ്ടതുമാണ്. ഇക്കാര്യത്തിൽ യാതൊരു കാലതാമസവും വരുത്തരുത്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ആവശ്യമായ തുടർ നിർദേശങ്ങൾ ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ഉടൻ നൽകുക.

മറ്റ് എയ്ഡഡ് സ്കൂളുകളിലെ സ്ഥിരം ഒഴിവുകളിലോ ദീർഘകാല അവധി ഒഴിവുകളിലോ സ്ഥിരമായി പുനർവിന്യസിച്ചിരിക്കുന്ന സംരക്ഷിതാധ്യാപകരെ ഇത്തരം ഒഴിവുകളിലേക്ക് തിരികെ വിളിച്ച് നിയമിക്കരുത്. അത്തരം സാഹചര്യത്തിൽ ഒഴിവുകൾ ദിനവേതനാ ടിസ്ഥാത്തിൽ തന്നെയാണ് നികത്തേണ്ടത്

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

സ്വീകർത്താവ് :

1 എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും
2 എല്ലാ പ്രഥമാധ്യാപകർക്കും
3 എല്ലാ സ്കൂൾ മാനേജർമാർക്കും
4 വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)